



# ഏങ്ങണ്ടിയൂർ വികസന പാതയിലൂടെ

ഏങ്ങണ്ടിയൂർ ഭരണസമിതിയുടെ നേതൃത്വത്തിൽ 5 വർഷകാല ഭരണം പൂർത്തിയാകുമ്പോൾ പഞ്ചായത്തിന്റെ വികസനചരിത്രത്തിൽ സ്വർണാക്ഷരങ്ങളായി രേഖപ്പെടുത്തപ്പെടുന്ന കാലഘട്ടമായി ഈ 5 വർഷം മാറുകയാണ്. ജനങ്ങളുടെ ആവശ്യങ്ങൾ കേൾക്കുന്ന, അവരെ വികസന പ്രവർത്തനങ്ങളിലേക്കു സജീവമായി ഉൾപ്പെടുത്തുന്ന ഒരു ഭരണരീതിയാണ് പഞ്ചായത്തിൽ ഈ കാലയളവിൽ ആവിഷ്കരിക്കപ്പെട്ടത്. ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ എൻ കെ അക്ബറിന്റെ ശക്തമായ പിന്തുണയും പഞ്ചായത്തിലെ ജനങ്ങളുടെ ഐക്യബോധവും കൂടി ചേർന്നപ്പോൾ, വികസനത്തിന്റെ പുതിയ അധ്യായം എഴുതാൻ ഭരണസമിതിക്ക് കഴിഞ്ഞു.

ഗ്രാമത്തിന്റെ ഓരോ കോണിലും വികസനത്തിന്റെ സ്പന്ദനം അറിയാൻ സാധിക്കുന്നുണ്ട് .ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തി, ഒരു സമതുലിതവും സുസ്ഥിരവുമായ ഗ്രാമഭരണത്തിന് അടിത്തറയിട്ടതിൽ ഈ ഭരണസമിതിക്ക് അഭിമാനിക്കാവുന്ന സ്ഥാനം ലഭിച്ചിട്ടുണ്ട്.





പഞ്ചായത്ത് ഭരണസമിതിയുടെ അഞ്ചുവർഷ പ്രവർത്തനകാലം പൂർത്തിയാകുന്ന ഈ അവസരം ആത്മസന്തോഷവും അഭിമാനബോധവുമുളവാക്കുന്നതാണ്. ഭരണകാലത്തിന്റെ തുടക്കം മുതൽ ജനങ്ങളുടെ പ്രതീക്ഷകൾക്കൊപ്പം, സമഗ്രവികസനം ലക്ഷ്യമാക്കിയതുമായ പദ്ധതികളാണ് ഭരണസമിതി മുന്നോട്ടുവെച്ചത്.

ധനപരമായും വിഭവപരമായും നിരവധി വെല്ലുവിളികൾ നേരിട്ടിട്ടുണ്ടെങ്കിലും, ജനങ്ങളുടെ അകമഴിഞ്ഞ സഹകരണത്തോടെയും ഭരണസമിതിയംഗങ്ങളുടെ കൂട്ടായ പരിശ്രമത്തോടെയും വികസനക്ഷേമ പദ്ധതികൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞത് വളരെ സന്തോഷകരമാണ്. ജനാധിപത്യ മൂല്യങ്ങൾ ആസ്പദമാക്കി, ജനങ്ങൾക്കായി പ്രവർത്തിക്കുന്ന ജനസൗഹൃദ ഭരണരീതിയായിരുന്നു നമ്മുടെ വഴികാട്ടി. 'ജനങ്ങളോടൊപ്പം, ജനങ്ങൾക്കായി' എന്ന ആശയം എല്ലാ പ്രവർത്തനങ്ങളിലും പ്രതിഫലിച്ചിരുന്നു..

ലൈഫ് മിഷൻ പദ്ധതികൾ മുഖേന നിരവധി കുടുംബങ്ങൾക്ക് സ്വന്തം വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാനും, വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, വനിതാശാക്തീകരണം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാനും കഴിഞ്ഞു. അങ്കണവാടികളുടെ നവീകരണം, കുടിവെള്ള പദ്ധതികൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, ഹരിതകർമസേനയുടെ സജീവ പങ്കാളിത്തം എന്നിവ പഞ്ചായത്തിന്റെ പ്രതിച്ഛായ തന്നെ മാറ്റിയിരിക്കുന്നു. യുവതലമുറയെ കലാപരമായും, കായികപരമായും പ്രോത്സാഹിപ്പിക്കുന്നതിന് കേരളോത്സവം നല്ല പങ്കാളിത്തത്തോടെ നടത്താൻ സാധിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക പരിഗണന ലഭ്യമാക്കി. അതോടൊപ്പം കർഷകരുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും തൊഴിൽരംഗത്തെ സ്ത്രീശാക്തീകരണത്തിനും പഞ്ചായത്ത് ശ്രദ്ധ നൽകി.

ഈ നേട്ടങ്ങൾ കൈവരിക്കാൻ പിന്തുണയും മാർഗനിർദ്ദേശവും നൽകി വികസന പ്രക്രിയയിൽ പങ്കാളികളായ നിങ്ങളേവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. പഞ്ചായത്തിന്റെ ഓരോ മുന്നേറ്റത്തിന്റെയും ഭാഗമായത് നിങ്ങളുടെ വിശ്വാസവും സഹകരണവുമാണ്. മുന്നേറ്റത്തിന്റെ വഴികൾ തെളിച്ച ഈ അഞ്ചുവർഷങ്ങൾ പിന്നിടുമ്പോൾ, നമ്മുടെ ഗ്രാമത്തിന്റെ ഭാവി വികസനത്തിനായി ഒരുമിച്ച് മുന്നോട്ട് പോകാൻ പ്രതിജ്ഞയെടുക്കാം

ഒത്തിരി സ്നേഹത്തോടെ,

**ബിന്ദു സുരേഷ്**

പ്രസിഡന്റ് , എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

# MLA ഫണ്ട് ഉപയോഗിച്ച് നടത്തിയ വികസനങ്ങൾ

1. എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് മീൻകടവ്
   സ്ലൂയിസ് നിർമ്മാണം - 20,80,000/-
2. എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്
   അണ്ടാരത്തോട് സ്ലൂയിസ് നിർമ്മാണം -15,90,000/-
3. എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് മണപ്പാട്
   സ്ലൂയിസ് നിർമ്മാണം - 27,00,000/-
4. എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് മീൻകടവ്
   സ്ലൂയിസ് നിർമ്മാണം (സിവിൽ വർക്ക്) - 33,00,000/-
5. ജി എം യു പി സ്കൂൾ കെട്ടിട നിർമ്മാണം - 2.5 കോടി
6. ജി എഫ് യു പി സ്കൂൾ കെട്ടിട നിർമ്മാണം - 1 കോടി
7. ചേറ്റുവ ജി എം യു പി സ്കൂൾ
   ബസ് ഷെൽട്ടർ നിർമ്മാണം - 4,42,000/-
8. തിരുമംഗലം യു പി സ്കൂൾ
   കിച്ചൺ ഷെഡ് നിർമ്മാണം - 8,00,000/-
9. മിനിമാസ്റ്റ് കാർത്ത്യായനി ക്ഷേത്രം - 2,00,000/-
10. ഭ്രാതാ വേലുക്കുട്ടി മാസ്റ്റർ സുബ്രഹ്മണ്യക്ഷേത്രം റോഡ് - 22 ലക്ഷം
11. ആർ.കെ റോഡ് - 38 ലക്ഷം
12. തീരദേശ റോഡ് - 45 ലക്ഷം

## തൃശ്ശൂർ ജില്ലാപഞ്ചായത്ത് വികസന പ്രവർത്തനങ്ങൾ

ആയിരംകണ്ണി മീൻകടവ് റോഡ്
റീടാറിങ്ങ് വാർഡ് 9 - 12,52,289/-

ആയുർവേദ ആശുപത്രി അറ്റകുറ്റ പണി - 5,00,000/-

എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്
ഫിറ്റ്നെസ്സ് സെൻറർ സൗകര്യം ഒരുക്കൽ - 10,00,000/-

സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ
ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം - 27,00,000/-

നാഷണൽ ഹയർ സെക്കൻഡറി സ്കൂൾ,
സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ - 27,00,000/-


അങ്കണവാടി കെട്ടിട നിർമ്മാണം - 26,00,000/-


മഹാത്മ ഗാന്ധി റോഡ് നിർമ്മാണം - 10,00,000/-

ജനശക്തി റോഡ് പുനർ നിർമ്മാണം - 20,00,000/-

# ബ്ലോക്ക് പഞ്ചായത്ത്

## വികസന പ്രവർത്തനങ്ങൾ





ഏങ്ങണ്ടിയൂർ പഞ്ചായത്ത്മുട്ടുകായൽ
ബണ്ട് റോഡ് ബ്ലോക്ക് വിഹിതം നൽകൽ - 4,99,657/-

ഏങ്ങണ്ടിയൂർ പഞ്ചായത്ത് മീൻകടവ്
കുടിവെള്ള പദ്ധതി -17,89,350/-

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്അംഗൻവാടി 16
പുതിയ കെട്ടിടം MGNREGS സ്റ്റേറ്റ് മിഷന്
വിഹിതം നൽകൽ - 5,00,000/-

നീലയങ്കിരി തോട് നവീകരണം ഫേസ് 2 - 4,68,687/-

ഏങ്ങണ്ടിയൂർ പുളിക്കകടവ് കാന നിർമ്മാണം
പഞ്ചായത്തിന് വിഹിതം നല്കൽ - 9,66,662/-

ഏങ്ങണ്ടിയൂർ മണപ്പാട് മിനി കുടിവെള്ള പദ്ധതി -23,22,000

ഏങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്ത് 16 നമ്പർ
അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം
പഞ്ചായത്തിന് വിഹിതം നൽകൽ - 3,92,972/-

ഏങ്ങണ്ടിയൂർ വാർഡ് 14 തെക്കേടത്ത് ക്ഷേത്രം
പരിസരം തോട് സൈഡ് കെട്ടൽ സ്ലാബ് ഇടൽ - 6,09,626/-

ഏങ്ങണ്ടിയൂർ വാർഡ് 14 തെക്കേടത്ത് ക്ഷേത്രം പരിസരം
തോട് സൈഡ് കെട്ടൽ സ്ലാബ് ഇടൽ - 1,78,819/-

water ATM - 12,00,000/-

# ലൈഫിൽ

## തിളങ്ങുന്ന പുതുജീവിതങ്ങൾ

കേരള സർക്കാരിന്റെ കീഴിൽ നടപ്പാക്കുന്ന ലൈഫ് മിഷൻ (LIFE Mission) സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ ക്ഷേമ പദ്ധതികളിലൊന്നാണ്. എല്ലാവർക്കും സുരക്ഷിതമായ വീടെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ ദൗത്യം, നൂറുകണക്കിന് കുടുംബങ്ങളുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ഈ മഹത്തായ സർക്കാർ ദൗത്യത്തിന് നമ്മുടെ പഞ്ചായത്തും കൈതാങ്ങായി.

2020-25 ഭരണസമിതിയുടെ കാലയളവിൽ, ഇതുവരെ കൈവരിക്കാനാകാത്ത മുന്നേറ്റമാണ് ലൈഫ് മിഷൻ പദ്ധതിയിലൂടെ സാധ്യമായത്.ലൈഫ് മിഷൻ പദ്ധതിയുമായി കൈകോർത്ത് പ്രവർത്തിച്ച 282 ഗുണഭോക്താക്കളാണ് നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെട്ടത്. അതിൽ 179 ഭവനങ്ങളുടെ നിർമാണം പൂർത്തിയായിരിക്കുകയാണ്, കൂടാതെ 103 ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

വീടില്ലാത്തവർക്ക് അഭയം നൽകുകയും അവരുടെ ജീവിതത്തിൽ സ്ഥിരതയും ആത്മവിശ്വാസവും സൃഷ്ടിക്കുകയും ചെയ്തുവെന്നത് തന്നെയാണ് ഈ ഭരണസമിതിയുടെ വിലമതിക്കാനാവാത്ത നേട്ടം. പഞ്ചായത്തിലെ നിരവധി കുടുംബങ്ങൾ ഇന്ന് ലൈഫ് മിഷന്റെ സഹായത്തോടെ സ്വന്തം വീടിന്റെ അഭിമാനത്തിൽ ജീവിക്കുന്നു. കുട്ടികൾക്ക് സുരക്ഷിതമായ പഠനാന്തരീക്ഷവും, മുതിർന്നവർക്കും രോഗികളായവർക്കും മാന്യമായ ജീവിതവുമാണ് ഈ പദ്ധതി ഉറപ്പാക്കുന്നത്.

കേരളം അതിദാരിദ്ര്യമുക്തമായി പ്രഖ്യാപിക്കുന്ന ഈ കാലയളവിൽ എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ അതിദാരിദ്ര്യ സർവ്വെയിൽ കണ്ടെത്തിയ 60 കുടുംബങ്ങളിൽ അവർക്കാവശ്യമായ എല്ലാ അടിസ്ഥാനരേഖകളും ലഭ്യമാക്കുകയും ജീവിത നിലവാരം ഉയർത്തുന്നതിനായി ഭക്ഷണം, മരുന്ന്, പാർപ്പിടം, ഭൂമി, ഭവന പുനരുദ്ധാരണം, ജീവിതോപാധി എന്നിവ നൽകി പഞ്ചായത്തിനെ ദാരിദ്ര്യമുക്തമാകുന്നതിനായി ഈ പഞ്ചായത്തിനും ഭരണസമിതിക്കും സാധിച്ചിട്ടുണ്ട്.



# ഹരിതകർമസേന

## സ്ത്രീശക്തിയുടെ ഹരിതമാർഗങ്ങൾ











കേരള സർക്കാരിന്റെ കീഴിൽ, കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഹരിതകർമസേന, ഗ്രാമങ്ങളുടെ ശുചിത്വവും പരിസ്ഥിതിയും സംരക്ഷിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്ന ഒരു മഹത്തായ സംരംഭമാണ്. പഞ്ചായത്തുതലത്തിൽ ശുചിത്വ സംവിധാനങ്ങൾ കാര്യക്ഷമമാക്കാനും മാലിന്യ നിയന്ത്രണം ശാസ്ത്രീയമായി നടപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. വീടുതോറും എത്തി സേവനം ചെയ്യുന്ന ഈ വനിതകൾ സമൂഹത്തിൽ ശുചിത്വ ബോധം വളർത്തുകയും ഗ്രാമങ്ങളെ ഹരിതാഭമായി മാറ്റുകയും ശുചിത്വം പാലിക്കുന്നതിന് നാടിന്റെ തന്നെ നട്ടെല്ലായി പ്രവർത്തിക്കുകയും ചെയ്യുന്നു.

സ്ത്രീകൾക്ക് തൊഴിലും ആത്മവിശ്വാസവും നൽകുന്ന ഒരു വേദിയായി ഇന്ന് ഹരിതകർമസേന മാറിയിട്ടുണ്ട്. ഇത് വഴി ലഭിക്കുന്ന പ്രതിഫലം അവരുടെ കുടുംബജീവിതത്തിൽ സാമ്പത്തിക സ്ഥിരതയും സ്വാതന്ത്ര്യവും ഒരുക്കുന്നു. തൊഴിലിലൂടെ ജീവിതം മാറ്റിയെടുത്ത സ്ത്രീകളുടെ ശക്തമായ ഉദാഹരണമാണ് ഹരിതകർമസേന. സ്ത്രീശക്തീകരണത്തിന്റെ യഥാർത്ഥ മാതൃകയായി ഇവർ ഗ്രാമവികസനത്തിന്റെ മുൻനിരയിലുണ്ട്.

മാലിന്യമുക്ത പദ്ധതികൾക്കായി നമ്മുടെ പഞ്ചായത്ത് 1,12,05,604 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഗാർഹിക കമ്പോസ്റ്റ് പിറ്റ്, ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, മണ്ണപ്പാട് മുട്ടുകായൽ ബണ്ട് റോഡ് കാന നിർമ്മാണം, മിനി എം.സി.എഫ് സ്ഥാപിക്കൽ, ലൈഫ് വീടുകൾക്ക് ടോയ്‌ലറ്റ്, എം.സി.എഫ് സെന്ററിൽ ബ്ലെയിഡ് മെഷീൻ സ്ഥാപിക്കൽ, ടോയ്‌ലറ്റ് മെയിന്റനൻസ് ഒരുക്കൽ, ശുചിപൂർണ ബൊക്കാഷി ബക്കറ്റ് വിതരണം, ഗാർഹികതലത്തിൽ പ്രീഫാബ്രിക്കേറ്റഡ് സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ, ശുചിപൂർണ സ്മാർട്ട് ഗാർബേജ് സിസ്റ്റം, ഖരമാലിന്യ സംസ്കരണത്തിനായി ഷെഡ് നിർമ്മാണം തുടങ്ങിയ വിവിധ പ്രവൃത്തികൾ ഈ ധനസഹായത്തിന്റെ ഭാഗമായി വിജയകരമായി നടപ്പിലാക്കിയിട്ടാണ് ഗ്രാമത്തിലെ ശുചിത്വം, പരിസ്ഥിതി സംരക്ഷണം എന്നിവക്ക് കാര്യക്ഷമമായ മുന്നേറ്റം സാധിച്ചത്. ഇതിനോടകം നമ്മുടെ പഞ്ചായത്തിൽ 16 ബോട്ടിലെ ബൂത്ത് 5 മിനി എം.സി.എഫ് 1 എം.സി.എഫ് എന്നിവ ഭരണസമിതിയുടെ നേതൃത്വത്തിൽ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഹരിതകർമസേനാംഗങ്ങളും ഭരണസമിതിയും കൈകോർത്ത് ഗ്രാമത്തിലെ ശുചിത്വവും ഹരിതാഭവുമായ അന്തരീക്ഷം സൃഷ്ടിക്കുകയാണെന്നത് വ്യക്തമാണ്. ഇതിലൂടെ ഹരിതകർമസേന പഞ്ചായത്തിന്റെ സാമൂഹികസാമ്പത്തിക വികസനത്തിന്റെ മാതൃകയായിട്ടാണ് ഉയർന്നുവന്നിട്ടുണ്ട്.





# വളർച്ചയുടെ പുതു വഴികളിലൂടെ














ഗ്രാമത്തിന്റെ വളർച്ചയ്ക്കും ജനങ്ങളുടെ ദൈനംദിന ജീവിതത്തിനും ആധാരമായ ഗതാഗത സൗകര്യങ്ങളെ കൂടുതൽ സുരക്ഷിതവും സുതാര്യവുമാക്കുക എന്ന ലക്ഷ്യത്തോടെ എങ്ങണ്ടിയൂർ പഞ്ചായത്ത് ഭരണ സമിതി പൊതുമരാമത്ത് മേഖലയിലെ പ്രധാന പദ്ധതികൾക്ക് മുൻഗണന നൽകി. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ ഫണ്ടിൽ നിന്ന് 1 കോടി രൂപ ചെലവഴിച്ച് പഞ്ചായത്തിലെ പ്രധാന പാതകളുടെ സമഗ്ര നവീകരണത്തിനാണ് ഭരണസമിതി തുടക്കം കുറിച്ചത്. പദ്ധതിയുടെ ഭാഗമായി വാർഡ് 8, 9ൽ ശ്രാതാ വേലുക്കുട്ടി മാസ്റ്റർ സുബ്രഹ്മണ്യ ക്ഷേത്രം റോഡ്(22 ലക്ഷം) വാർഡ് 2ൽ ആർ. കെ. റോഡ് (38 ലക്ഷം), വാർഡ് 3ൽ തീരദേശ റോഡ് (45 ലക്ഷം) എന്നി വയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

മഴക്കാലങ്ങളിൽ യാത്രാവിഘ്നങ്ങൾ സൃഷ്ടിച്ചിരുന്ന പാതകൾ പുതുക്കി പണിതതോടെ ഗ്രാമത്തിലെ ഗതാഗത സൗകര്യങ്ങൾ കൂടുതൽ സുതാര്യവും സുരക്ഷിതവുമായതായി. പുതിയ ഡ്രെയിനേജ് സംവിധാനങ്ങളും സൈഡ് പ്രൊട്ടക്ഷൻ വർക്കുകളും ഉൾപ്പെടുത്തി റോഡുകളുടെ ദീർഘകാല നിലനിൽപ്പിനും ശ്രദ്ധ ചെലുത്തി. പദ്ധതി ഉദ്ഘാടനം പ്രിയപ്പെട്ട MLA, N.K അക്ബർ നിർവഹിച്ചു. പദ്ധതിയുടെ വിജയകരമായ നടപ്പിലാക്കലിന് എം. എൽ. എയുടെ സഹകരണവും മാർഗനിർദേശവും ഭരണസമിതിക്ക് വലിയ പ്രചോദനമായി. ജനങ്ങളുടെ ആവശ്യങ്ങൾ കേൾക്കുന്ന ഭരണകൂടം എന്ന നിലയിൽ, ഈ പദ്ധതി എങ്ങണ്ടിയൂർ പഞ്ചായത്തിന്റെ പ്രതിബദ്ധ തയും ദൂരദർശിത്വവും പ്രതിഫലിപ്പിക്കുന്നതാണെന്ന് പറയാം.

വികസനത്തിന്റെ പാതകളിലൂടെ മുന്നേറുന്ന ഈ പ്രവർത്തനങ്ങൾ, എങ്ങണ്ടിയൂരിന്റെ സമഗ്ര വളർച്ചയ്ക്കും ജനകേന്ദ്രിത ഭരണത്തിന്റെ ഉജ്ജ്വല മാതൃകയ്ക്കും അടിസ്ഥാനം ഒരുക്കുകയാണ്.

കൂടാതെ ഫാദർ ചിറ്റിലപ്പിള്ളി റോഡ് ( 600000 ), ചീപ്പ്മാട് റോഡ് പുനരുദ്ധാരണം ( 600000 ), വി എസ് കേരളീയൻ റോഡ് പുനരുദ്ധാരണം (3000000) തിരുമംഗലം ടെമ്പിൾ റോഡ് (750000) എന്നിവയുടെ പൂർ ത്തീകരണം വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

ഇതിന് പുറമെ പൊക്കുളങ്ങര ഹൈവേ മുതൽ ബീച്ച് വരെ പൊക്കുളങ്ങര ബീച്ച് റോഡ് ഏറ്റെടുത്ത് റോഡ് വികസനം സാധ്യമാക്കുന്നതിന് ഹാർബർ വകുപ്പ് ഏറ്റെടുത്ത് പണി ആരംഭിച്ചിട്ടുള്ളതാണ്. ഏകദേശം 1.333 കോടി രൂപയാണ് അതിനായി കണക്കാക്കിയിട്ടുള്ളത്.







# നാളെയുടെ ഭാവിക്കായി




ഗ്രാമത്തിന്റെ ഭാവി തലമുറയെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന അങ്കണവാടികൾക്ക് പുതുജീവനം നൽകി ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് ഇന്ന് മുന്നേറുകയാണ്. കുട്ടികളുടെ ബൗദ്ധിക, മാനസിക, ശാരീരിക വളർച്ച ഉറപ്പാക്കാനുള്ള സർക്കാർ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് അങ്കണവാടി. ബാലവികസനം, പോഷകാഹാര വിതരണം, പ്രാഥമിക വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ തുടങ്ങിയ മേഖലകളിൽ സമഗ്രമായ സേവനം ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

പഞ്ചാത്തിലെ 23 അങ്കണവാടികളിൽ 22 എണ്ണത്തിനും സ്വന്തമായ കെട്ടിടം ഉള്ളതാണ്. കുട്ടികൾക്ക് സുരക്ഷിതവും സൗഹൃദപരവുമായ പഠനാന്തരീക്ഷം ഒരുക്കുക എന്നതാണ് അങ്കണവാടി നവീകരണം കൊണ്ടു ദേശിക്കുന്നത്. കേരള സർക്കാരിന്റെ ചരായം പദ്ധതിയിൽ ഉൾപ്പെടുത്തി 4 കെട്ടിടങ്ങളും പഞ്ചായത്തിൽ അഞ്ച്വർഷ കാലയളവിൽ 2 സ്മാർട്ട് അങ്കണവാടികളും പണി ആരംഭിച്ചിട്ടുണ്ട്. അങ്കണവാടി നവീകരണത്തിനായി ഈ അഞ്ച് വർഷക്കാലയളവിൽ 1070396 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.



അങ്കണവാടികളിൽ കുട്ടികൾക്കൊപ്പം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും ആരോഗ്യ പരിരക്ഷാ സേവനങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം പോഷകാഹാരം നൽ കുന്നതിനായി എല്ലാവർഷവും 20 ലക്ഷം രൂപയോളം ചെലവഴിക്കുന്നുമുണ്ട്.



കുഞ്ഞുങ്ങൾക്ക് സുരക്ഷിതവും സന്തോഷകരവുമായ പഠനലോകം ഒരുക്കിയതിലൂടെ, വിദ്യാഭ്യാസത്തിലും ആരോഗ്യമേഖലയിലും പുതിയൊരു ഉണർവ് സൃഷ്ടിക്കാൻ പഞ്ചായത്തിന് കഴിഞ്ഞു. അങ്കണവാടികളുടെ നവീകരണവും ഉദ്ഘാടനവും പഞ്ചായത്തിന്റെ വികസനയാത്രയിലെ ഒരു അഭിമാനനിമിഷമായി മാറിയിരിക്കുന്നു.






# ആരോഗ്യമേഖലയിലെ പുത്തൻചുവടുകൾ

ആരോഗ്യമാണ് വികസനത്തിന്റെ ആദ്യ ചുവടുവയ്പ്. ജനങ്ങളുടെ സന്തോഷത്തിനും ക്ഷേമത്തിനും തുടക്കമിടുന്നത് അതിലൂടെയാണ്. ജനങ്ങളുടെ ക്ഷേമത്തിനും ഗ്രാമത്തിന്റെ പുരോഗതിക്കും അടിത്തറയിടുന്നത് ആരോഗ്യമേഖലയിലെ ഉറച്ച കാൽവയ്പുകളാണ്. ഈ തിരിച്ചറിവോടെയാണ് എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് ആരോഗ്യ സംരക്ഷണത്തിലും രോഗപ്രതിരോധത്തിലും സമഗ്രമായ ഇടപെടലുകൾക്ക് നേതൃത്വം നൽകിയത്. പഞ്ചായത്തിലെ ആശ പ്രവർത്തകർ, ആരോഗ്യപ്രവർത്തകർ എന്നിവർ ചേർന്ന് ജനങ്ങളിലേക്ക് ആരോഗ്യബോധം പകരുമ്പോൾ, അതിന് പിന്നിൽ പ്രവർത്തിച്ചിരുന്നത് പഞ്ചായത്ത് ഭരണകൂടത്തിന്റെ ദീർഘ വീക്ഷണവും പ്രതിബദ്ധതയുമായിരുന്നു. ആരോഗ്യമേഖലയിലെ ഈ പ്രതിബദ്ധമായ യാത്രയ്ക്ക് അഭിമാന നേട്ടമായി കുടുംബാരോഗ്യകേന്ദ്രത്തിന് ദേശീയ അംഗീകാരം ലഭിച്ചു. പൊതുജന സൗഹൃദമായ സേവനങ്ങൾ, ശുചിത്വവും സൗകര്യങ്ങളും, ആരോഗ്യമേഖലയിലെ നൂതന സമീപനങ്ങളും പരിഗണിച്ചാണ് ഈ അംഗീകാരം ലഭിച്ചത്. ഗ്രാമീണ ജീവിതത്തിന്റെ ഹൃദയമിടിപ്പ് പോലെ പ്രവർത്തിക്കുന്ന ഈ കേന്ദ്രം, ഓരോ കുടുംബത്തിനും സുരക്ഷയുടെയും പ്രതീക്ഷയുടെയും പ്രതീകമായി മാറിയിരിക്കുന്നു.

അതുപോലെ എങ്ങണ്ടിയൂർ കുടുംബാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉപകേന്ദ്രമാണ് ആയിരംകണ്ണി സബ്സെന്റർ. ഇന്നു സർക്കാർ ഈ കേന്ദ്രത്തെ പുനർനാമകരണം ചെയ്ത് 'ജനകീയ ആരോഗ്യകേന്ദ്രം' എന്ന് മാറ്റിയിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രത്തിൽ നേരിട്ട് എത്തിച്ചേരാൻ കഴിയാത്ത രോഗികൾക്ക് എളുപ്പത്തിൽ മികച്ച ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ സബ്സെന്ററിന്റെ പ്രധാന ലക്ഷ്യം. വാർഡ് നമ്പർ 8, 9, 10, 11, 12 ഭാഗങ്ങളിലെ നിവാസികൾക്ക് സേവനം ലഭ്യമാക്കുന്ന ഈ സബ്സെന്റർ, ആഴ്ചയിലെ നിശ്ചിത ദിവസങ്ങളിലായി വിവിധ വിഭാഗങ്ങളിലായും ചികിത്സാ സേവനങ്ങൾ നൽകി വരികയാണ്. തിങ്കൾ, ബുധൻ വീടുകളിലെത്തി പരിശോധന നൽകുകയും ചൊവ്വ ഗർഭിണികൾക്കായുള്ള പ്രത്യേക പരിശോധനയും, വ്യാഴം ജീവിതശൈലി രോഗങ്ങൾക്കായുള്ള പരിശോധനകളും, വെള്ളി, ശനി പാലിയേറ്റീവ് രോഗികളെ വീടുകളിലെത്തി സന്ദർശിക്കുകയും മാനസിക പിന്തുണയും പരിചരണവും നൽകുകയും ചെയ്തുവരികയാണ്. ഇതിനു പുറമെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രതിമാസ കൂടിയാലോചന, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുകയും വിവിധ ലാബ് ടെസ്റ്റുകൾ, അവശ്യ മരുന്നുകളുടെ ലഭ്യത എന്നിവ ഉറപ്പ് വരുത്താനും ആയിരംകണ്ണി സബ്സെന്ററിനു നിലവിൽ സാധിച്ചിട്ടുണ്ട്. കിടപ്പിലായ രോഗികൾക്ക് മാനസികമായ പിന്തുണ നൽകാൻ പേഷ്യന്റ് ഗ്രൂപ്പ് മീറ്റിംഗുകൾ എന്നിങ്ങനെ നിരവധി മനുഷ്യസഹജ പദ്ധതികൾ ഇന്ന് ഇവിടെ നടപ്പിലാക്കിവരുന്നുണ്ട്. രോഗികൾക്ക് ദൂരസ്ഥലങ്ങളിലും ചികിത്സ ലഭ്യമാക്കുന്നതിനായി സർക്കാരിന്റെ ഇ-സഞ്ജീവനി പദ്ധതിയുടെ ഭാഗമായ ടെലി മെഡിസിൻ സൗകര്യവും ഈ കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്.


വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം, അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ ചികിത്സ, മരുന്ന് വാങ്ങൽ, മെൻസ്ട്രുവൽ കപ്പ് വിതരണം, വനിതകൾക്കും കുട്ടികൾക്കും വിളർച്ച നിർണ്ണയം ചികിത്സ, ക്യാൻ ഷുവർ, ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, കാൻസർ സ്ക്രീനിംഗ് പദ്ധതി, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, കൊതുകു നിവാരണ പദ്ധതികൾ തുടങ്ങിയ നിരവധി പദ്ധതികളാണ് 2020-2025 കാലയളവിൽ ഭരണസമിതി വിജയകരമായി നടപ്പിലാക്കിയിരിക്കുന്നത്. ആരോഗ്യ സംരക്ഷണത്തെയും രോഗപ്രതിരോധത്തെയും മുഖ്യ ലക്ഷ്യങ്ങളാക്കി നിലവിലെ പഞ്ചായത്ത് ഭരണസമിതി ഈ കാലയളവിൽ ആരോഗ്യ മേഖലയിൽ 1,76,86,563 രൂപയുടെ പദ്ധതികൾ നടപ്പാക്കി എങ്ങണ്ടിയൂർ പഞ്ചായത്ത് സമഗ്ര ആരോഗ്യവികസനത്തിന്റെ മാതൃകയായി മുന്നേറുകയാണ്.

ജനാരോഗ്യ സംരക്ഷണത്തെ മുഖ്യധാരയാക്കി പ്രവർത്തിക്കുന്ന എങ്ങണ്ടിയൂർ പഞ്ചായത്ത് ഭരണസമിതി ആരോഗ്യരംഗത്ത് സ്ഥിരതയും പുരോഗതിയും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ജനങ്ങളുടെ പങ്കാളിത്തത്തോടെയും ഭരണസമിതിയുടെ ദൂരദർശിത്വത്തോടെയും മുന്നേറുന്ന ഈ യാത്ര എങ്ങണ്ടിയൂരിനെ സമഗ്ര ആരോഗ്യ വികസനത്തിന്റെ മാതൃകാപഞ്ചായത്തായി ഉയർത്തിക്കൊണ്ടിരിക്കുന്നു.














# വിദ്യാഭ്യാസ മേഖലയിലെ ഉജ്ജ്വല മുന്നേറ്റങ്ങൾ















വിദ്യാഭ്യാസം മനുഷ്യന്റെ സമഗ്ര വളർച്ചയ്ക്കും സമൂഹത്തിന്റെ പുരോഗതിക്കും അത്യന്താപേക്ഷിതമായ ഘടകമാണ്. അറിവും ബോധവുമാണ് ഒരു സമൂഹത്തെ മുന്നോട്ട് നയിക്കുന്ന യഥാർത്ഥ ശക്തികൾ. അതുകൊണ്ട് തന്നെ ഓരോ കുട്ടിയു ടെയും വിദ്യാഭ്യാസം ഉറപ്പാക്കുക എന്നത് ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും പ്രധാന ഉത്തരവാദിത്തമായി നമ്മുടെ പഞ്ചായത്ത് ഭരണ സമിതി കരുതുന്നു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ സന്തുലിതമായ വികസനം സാധ്യമാകൂ എന്ന ബോധ്യത്തോടെ, പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, വിദ്യാർത്ഥികൾക്ക് കൂടുതൽ പഠനാവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നതിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഗ്രാമത്തിലെ കുട്ടികൾക്ക് മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതിനും പൊതു വിദ്യാഭ്യാസ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പഞ്ചായത്തിന്റെ ഭരണസമിതി നിരവധി വികസനപ്രവർത്തനങ്ങൾ 2020-25 കാലയളവിൽ നിലവിലെ ഭരണസമിതിയുടെ നേതൃത്വത്തിൽ നടപ്പാക്കിയിട്ടുണ്ട്. ചേറ്റുവ ജി.എം.യു.പി സ്കൂളിൽ 2.5 കോടി രൂപ ചെലവിൽ പുതിയ കെട്ടിടം നിർമ്മിക്കുവാനും, ജി.എഫ്.യു.പി സ്കൂളിൽ ഒരു കോടി രൂപ ചെലവിൽ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കുവാനും ഗവൺമെന്റ് ഫിഷറീസ് യു.പി സ്കൂൾ കോട്ടക്കടപ്പുറം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വാർഷിക പദ്ധതി വഴി 1 കോടി ചെലവഴിച്ചു പുതിയ കെട്ടിടം നിർമ്മിക്കുവാനും നിലവിലെ ഭരണ സമിതിക്ക് സാധിച്ചുവെന്നത് ഭരണസമിതിയുടെ വലിയ നേട്ടം ആണ്. അതോടൊപ്പം, വിദ്യാർത്ഥികളുടെ ഗതാഗതസൗകര്യം ഉറപ്പാക്കുന്നതിനായി ചേറ്റുവ ജി.എം.യു.പി സ്കൂളിലും തിരുമംഗലം യു.പി സ്കൂളിലും യഥാക്രമം 4,42,000 രൂപയും 6,00,000 രൂപയും ചെലവിൽ ബസ് ഷെൽട്ടറും കിച്ചൻ ഷെഡും നിർമ്മിച്ചു. സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി, ഗ്രാമത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്കായി ഒരു ലക്ഷം രൂപയുടെ സഹായം നൽകുകയും, എസ്.സി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുകയും, എസ്. സി കുട്ടികൾക്ക് ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുകയും ചെയ്തു. കൂടാതെ വായനശാലകളിൽ ദിനപത്ര വിതരണം ഉറപ്പാക്കിയും വിദ്യാർത്ഥികളിൽ വായനാശീലം വളർത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. കൂടാതെ എസ്.സി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 'പഠനമുറി' പദ്ധതിയിലൂടെ പഠിക്കുന്നതിനും അവരുടെ വിദ്യാഭ്യാസ സാമഗ്രികൾ സൂക്ഷിക്കുന്നതിനും അനുയോജ്യമായ മുറികൾ നിർമ്മിച്ചു നൽകാനും ഈ ഭരണസമിതിയുടെ നേതൃത്വത്തിൽ സാധിച്ചിട്ടുണ്ട്.

വിദ്യാഭ്യാസമേഖലയിലെ ഈ പദ്ധതികൾ ഗ്രാമത്തിലെ വിദ്യാർത്ഥികൾക്ക് മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം, സന്തുലിതമായ സാമൂഹിക പുരോഗതിയിലേക്കുള്ള പഞ്ചായ ത്തിന്റെ പ്രതിബദ്ധതയും പ്രതിഫലിപ്പിക്കുന്നു. പുതുതലമുറയുടെ സ്വപ്നങ്ങളെയും ഭാവിയെയും ശക്തിപ്പെടുത്തുന്ന ഈ പ്രവർത്തനങ്ങൾ ഗ്രാമത്തിന്റെ സമഗ്ര വളർച്ചയ്ക്കുള്ള ഉറച്ച അടിത്തറയാകുന്നു. ഗ്രാമത്തിന്റെ ഭാവി തലമുറ അറിവിന്റെയും മൂല്യങ്ങളുടെയും പ്രകാശത്തിൽ വളരുമ്പോൾ, വിദ്യാഭ്യാസ മേഖലയിലെ ഈ ശ്രമങ്ങൾ അതിന്റെ യഥാർത്ഥ വിജയഗാഥയായി എന്നും നിലനിൽക്കും.

# സമഗ്ര ഗ്രാമവികസനത്തിന്റെ ഉജ്ജ്വല മാതൃക

# അംബേദ്കർ ഗ്രാമപദ്ധതി

വീടുകളുടെ നവീകരണം, കുടിവെള്ള സൗകര്യങ്ങൾ, റോഡ് വികസനം, പൊതുസ്ഥലങ്ങളുടെ നവീകരണം, ശുചിത്വ സൗകര്യങ്ങൾ, ആരോഗ്യ സംരക്ഷണ പരിപാടികൾ തുടങ്ങിയ നിരവധി പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമപദ്ധതി പ്രവർത്തനങ്ങൾ, ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ വാർഡ് 16 ലെ കോളനി വികസനത്തിന്റെ ഭാഗമായി 42 കോളനി നിവാസികൾക്ക് റോഡ് വികസന സൗകര്യം 450 മീറ്റർ നീളത്തില് ഏർപ്പെടുത്തിയിട്ടുണ്ട്. 28 വീട്ടുകാർക്ക് വീട് റിപ്പയർ ആനുകൂല്യവും നൽകിയിരിക്കുന്നു. കൂടാതെ, വഴിയോരങ്ങളിൽ സോളാർ ലൈറ്റുകൾ സ്ഥാപിച്ച് കോളനിയിൽ വെളിച്ചവും നൽകുന്നു. കോളനി നിവാസികൾക്ക് മോട്ടോർ ഷെഡ്, ടാങ്ക്, പൈപ്പ് ലൈൻ ശ്രംഖല, കുടിവെള്ള സ്രോതസ്സ് എന്നിവ നിർമിച്ച് കുടിവെള്ള പദ്ധതിയും ഏർപ്പെടുത്തിയിരിക്കുന്നു. കൂടാതെ വാർഡ് 14 ഏത്തായ് നഗറിനു വേണ്ടി 1 കോടി രൂപ അംബേദ്ക്കർ ഗ്രാമപദ്ധതി പ്രകാരം ലഭ്യമായി പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്. വാർഡ് 10 കളരിക്കുന്ന് പട്ടികജാതി സങ്കേതം വികസനം പ്രദേശത്തെ പട്ടികജാതി സങ്കേതത്തിൽ കാന നിർമ്മാണം, റോഡ് വികസനം, പാർപ്പിട നവീകരണം, സൗന്ദര്യവൽക്കരണം മുതലായവ നടത്തി സങ്കേതം പുതുക്കി നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പാസായിട്ടുള്ളതാണ്. ഇന്ന് പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഗ്രാമങ്ങളിലെ പിന്നോക്ക വിഭാഗങ്ങൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളെ സമഗ്രമായി വികസിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

അംബേദ്കർ ഗ്രാമപദ്ധതി വെറും വികസനപദ്ധതിയല്ല അതൊരു സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ്. സാമൂഹിക നീതിയുടെയും സമത്വത്തിന്റെയും വിത്തുകൾ നട്ടിട്ടുള്ള മണ്ണിൽ, മനുഷ്യാഭിമാനത്തിന്റെ പുതുവിത്തുകൾ മുളപ്പിക്കുന്ന സംരംഭം. പിന്നോക്കതയുടെ നിഴലിൽ നിന്നിരുന്ന ജീവിതങ്ങൾക്ക് ആത്മവിശ്വാസത്തിന്റെ നിറം പകർന്നു, പിന്നോക്കതയുടെ മതിലുകൾ പൊളിച്ച്, മുന്നോട്ടു നീങ്ങാനുള്ള ശക്തി പകരുന്ന പ്രചോദനമാണ് ഈ പദ്ധതി.

പിന്നോക്ക വിഭാഗങ്ങളുടെ ഉൾപ്പെടുത്തലോടെയുള്ള സമഗ്ര ഗ്രാമവികസനം എന്ന ലക്ഷ്യത്തോടെ മുന്നേറുന്ന അംബേദ്കർ ഗ്രാമപദ്ധതി, ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിന്റെ വികസനചരിത്രത്തിൽ പുതിയൊരു അധ്യായം കുറിക്കുന്നു. ഈ ശ്രമം സാമൂഹിക പുരോഗതിയുടെയും ജനകേന്ദ്രിത ഭരണത്തിന്റെയും ഒരു ഉജ്ജ്വല മാതൃകയായി മാറുകയാണ്.



# കാർഷിക മൃഗസംരക്ഷണ മേഖലയിലെ
# വികസനചുവടുകൾ



എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി നിരവധി പദ്ധതികളാണ് പ്രാവർത്തികമാക്കിയത്. തെങ്ങ് കൃഷി വികസനം, കവുങ്ങ് കൃഷി വികസനം, മട്ടുപ്പാവ് കൃഷി വികസനം, പുഷ്പകൃഷി വികസനം, പച്ചക്കറി കൃഷി വികസനം, ഇടവിള കൃഷി വികസനം, കിഴങ്ങ് വർഗ കൃഷി വികസനം തുടങ്ങിയ പദ്ധതികൾ വഴിയാണ് കാർഷിക മേഖലയിൽ പുതുജീവനം നൽകിയത്. ഈ സംരംഭങ്ങൾ കർഷകരുടെ വരുമാനവർധനയ്ക്കും സ്വയംപര്യാപ്തതയ്ക്കും വഴിതെളിച്ചു.

അതോടൊപ്പം, മൃഗസംരക്ഷണ മേഖലയിലും വിവിധ പദ്ധതികൾ നടപ്പിലാക്കപ്പെട്ടു. കാലിത്തീറ്റ വിതരണം, കോഴിവളർത്തൽ പ്രോത്സാഹനം, കിടാരി വളർത്തൽ പദ്ധതി, പോത്ത്കുട്ടി വളർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ വഴി ഗ്രാമീണ കുടുംബങ്ങളുടെ സാമ്പത്തികസ്ഥിരതയും സ്വയംതൊഴിൽ സാധ്യതകളും വർധിപ്പിക്കാനായി പഞ്ചായത്ത് ശ്രമിച്ചു. കൂടാതെ തെരുവ് നായ്ക്കളിൽ വാക്സിനേഷൻ യജ്ഞം നടത്തുകയും ചെയ്തിട്ടുണ്ട്. കാർഷികമൃഗസംരക്ഷണ മേഖലകളെ സമന്വയിപ്പിച്ചുള്ള ഈ പദ്ധതികൾ ഗ്രാമവികസനത്തിനും ജനജീവിതമാനത്തിലെ പുരോഗതിക്കും ഗണ്യമായ മാറ്റങ്ങൾ സൃഷ്ടിച്ചു.







# ജാഗ്രതസമിതിയുടെ സംയുക്ത പ്രവർത്തനങ്ങൾ

സ്ത്രീ ശാക്തീകരണവും സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതും മുൻനി ർത്തി വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ജാഗ്രത സമിതികൾ വളരെ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. ജാഗ്രത സമിതി മുഖേന 20 കേസുകൾ തീർപ്പാക്കുകയുണ്ടായി.വനിതാശിശു വികസന വകുപ്പ് ICDS ന്റെ നേതൃ ത്വത്തിൽ വനിതാദിനത്തിൽ ഓറഞ്ച് ദി വേൾഡ് ക്യാമ്പയിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ സ്ത്രീകൾക്ക് വേണ്ടി സിനിമ കാണുന്നതിനായി രാത്രി തീയറ്ററിൽ സൗകര്യം ഒരുക്കുകയുണ്ടായി. പട്ടാമ്പി റെയിൽവെ സ്റ്റേഷനിൽ തീവണ്ടി തട്ടിമരിക്കുന്നവരുടെ ശരീരാവശിഷ്ടങ്ങൾ പെറുക്കി സേവനം ചെയ്യുന്ന ദേവി എന്ന സ്ത്രീയെ ആദരിക്കുക യുണ്ടായി. സ്ത്രീകൾക്കായി ബോധവൽക്കരണ ക്ലാസുകളും 10 നിത്യോപയോഗ സാധനങ്ങൾ ഉണ്ടാകുന്നതി നുള്ള ട്രെയിനിങ് എല്ലാ വർഷവും നൽകുക യുണ്ടായി. മാനസികാരോഗ്യത്തിനായി കുട്ടികൾക്കും സ്ത്രീകൾ ക്കും വയോജനങ്ങൾക്കും കൗൺസി ലിംഗ്, തെറാപ്പിയും ജാഗ്രത സമിതി കമ്മ്യൂണിറ്റി ഫെസിലിറ്റേറ്ററായ ഷെമീര ഷബീറിന്റെ നേതൃത്വത്തിൽ നൽകിവരുന്നു. 8 പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്കണവാടികൾ, സ്കൂൾ കേന്ദ്രീ കരിച്ച് കൗമാരപ്രായക്കാർക്ക് മോട്ടിവേഷണൽ ക്ലാസുകളും ലഹരിമുക്ത ക്യാംപയിനുകളും നൽകു ന്നുണ്ട്. വയോജനങ്ങൾക്കായി എല്ലാ അങ്കണവാടികളിലും വയോജന ക്ലബുകൾ സജീവമായി പ്രവർത്തിച്ചു വരുന്നു.





# ടൂറിസം രംഗത്ത് പുത്തൻ തിളക്കം

ചേറ്റുവ കോട്ട, രാമുകാര്യാട്ട് സ്മാരകം എന്നിവയുടെ നിർമ്മിതിയോടുകൂടി പഞ്ചായത്ത് ടൂറിസം മേഖലയിൽ വലിയൊരു മുന്നേറ്റം കുറിയ്ക്കും എന്ന് കരുതുന്നു. പ്രസ്തുത സ്മാരകത്തിനായി തീയേറ്റർ കോംപ്ലക്സിനും അഞ്ചു കോടി രൂപയും സ്മാരകത്തിന് 3 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. അതിൻറെ നിർമ്മാണ ഘട്ടം പൂർത്തികരിക്കേണ്ടതുണ്ട്. ഗ്രീൻ ടൂറിസം അഴിമുഖം സൗന്ദര്യവത്കരണം എന്നിവയ്ക്ക് പ്രാധാന്യം നൽകി വികസന സാധ്യതകൾ കണ്ടെത്തേണ്ടതുണ്ട്.





RAMU KARIAT SMARAKAM, CHETTUVA, THRISSUR



# ജലശ്രേണികളുടെ നാളേക്കായ്









മൂന്നു ഭാഗവും ഉപ്പ് വെള്ളത്താൽ ചുറ്റപ്പെട്ട ഉപദ്വീപായ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് ശുദ്ധജല ലഭ്യത. നമ്മുടെ പഞ്ചായത്ത് ഭരണസമിതി ഓരോ വീടിനും സുരക്ഷിതവും ശുദ്ധവുമായ കുടിവെള്ളം ഉറപ്പാക്കുന്നതിനായി നിരവധി ചെറുകിട കുടിവെള്ള പദ്ധതികളാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്. ഗ്രാമീണ മേഖല യിലെ ജലക്ഷാമം പരിഹരിക്കാനും, ജനങ്ങൾക്ക് വിശ്വസനീയമായ കുടിവെള്ളവിതരണം ഉറപ്പാക്കാനും ഭരണസമിതി ദൃഢമായ നടപടി കൾ 2025 കാലയളവിൽ കൈക്കൊള്ളാൻ സാധിച്ചിട്ടുണ്ട്. ജലം ജീവന്റെ ആധാരവും മനുഷ്യന്റെ അടിസ്ഥാനാവശ്യവുമാണ്. അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ കുടിവെള്ള പദ്ധതികളുടെ വിജയകരമായ പൂർത്തീകരണം അത്യന്താപേക്ഷിതമാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കി തന്നെയാണ് 2020–25 ഭരണസമിതി തന്റെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്തത്.


ഇതിന് ഉത്തമ ഉദാഹരണങ്ങളായി ഭരണസമിതി പ്രാവർത്തികമാക്കിയ തിരുനാരായണ കുടിവെള്ള പദ്ധതി, പീവൈസി കുടിവെള്ള പദ്ധതി, സലാഹുദ്ദീൻ കുടിവെള്ള പദ്ധതി, മീൻകടവ് കുടിവെള്ള പദ്ധതി, പോളക്കൽ കുടിവെള്ള പദ്ധതി, മണപ്പാട് കുടിവെള്ള പദ്ധതി, കാട്ടുകുളം നവീകരണം എന്നിവയെ ചൂണ്ടിക്കാട്ടാവുന്നതാണ്. കൂടാതെ കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ടാങ്കുകളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ജലക്ഷാമം മൂലം നാളെ ജലസ്രോതസ്സുകൾക്കായി പോലും പോരാട്ടങ്ങൾ ഉണ്ടാകുന്ന സാഹചര്യം നിലനിൽക്കുമ്പോൾ, ജല സംരക്ഷണത്തെയും ലഭ്യതയെയും ഉറപ്പാക്കുന്ന ഈ പദ്ധതികളെ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞത് ഭരണസമിതിയുടെ വലിയ നേട്ടമാണ്. ഈ പദ്ധതികൾ ഗ്രാമത്തിലെ ഓരോ കുടുംബത്തിനും സുരക്ഷിത ജലധാരകളുടെ ഉറപ്പ് നൽകുന്നതോടൊപ്പം, ആരോഗ്യവും സന്തുലിതവും ആയ ഒരു ജീവിതാന്തരീക്ഷം ഉറപ്പാക്കുന്നതിലേക്കുള്ള വലിയ മുന്നേറ്റമായി മാറിയിരിക്കുന്നു














# സ്മാർട്ടാവാൻ ഒരുങ്ങി
# നമ്മുടെ
# വില്ലേജ് ഓഫീസു



സർക്കാരിന്റെ ഡിജിറ്റൽ കേരള പദ്ധതിയുടെ ഭാഗമായി പൗരന്മാർക്ക് വേഗത്തിലു സുതാര്യമായും സേവനങ്ങൾ ലഭ്യമാക്കുന്നതിനായി എങ്ങണ്ടിയൂർ വില്ലേജ് ഓഫീസ സ്മാർട്ട് സംവിധാനങ്ങളിലേക്ക് മാറുകയാണ്. ഈ ശ്രമം ജനസേവനത്തിൽ പുതിയൊരു മാതൃക സൃഷ്ടിക്കുകയാണ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ സുതാര്യവു കാര്യക്ഷമവുമായ സേവനവിതരണം ഉറപ്പാക്കുകയാണ് എങ്ങണ്ടിയൂർ വില്ലേജ് ഓഫീ സിന്റെ ലക്ഷ്യം. മുമ്പ് ഉണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതികളെ മറികടന്ന് ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി 45 ലക്ഷ രൂപയുടെ വികസനപ്രവർത്തനങ്ങൾക്കാണ് നിലവിലെ ഭരണ സമിതി തുടക്കം കുറിച്ചത്.

ഈ സാങ്കേതിക മുന്നേറ്റം ഗ്രാമതല ഭരണ സംവിധാനത്തിലും ജനസേവന ത്തിലും പുതിയൊരു അധ്യായം തുറക്കുകയാണ്. എങ്ങണ്ടിയൂർ വില്ലേജ് ഓഫീസിന്റെ ഈ സ്മാർട്ട് പരിണാമം, ഭാവിയിൽ കൂടുതൽ ജനകേന്ദ്രിതമായ ഭരണത്തിനും സൗകര്യപ്രദമായ സേവനങ്ങൾക്കും വഴി തെളിയിക്കുന്നതാണ്.









# സമഗ്ര വികസനത്തിന്റെ ചുവടുവെപ്പുകൾ






ഗ്രാമീണ വികസനത്തിന്റെ അടിത്തറയെന്ന നിലയിൽ തൊഴിലുറപ്പ് പദ്ധതി എങ്ങണ്ടി
ഗ്രാമപഞ്ചായത്തിൽ സാമൂഹ്യസാമ്പത്തിക പുരോഗതിയുടെ പുതിയ വഴികൾ തുറന്നിരിക്
യാണ്. ജനങ്ങൾക്ക് സ്ഥിരമായ തൊഴിൽ ഉറപ്പു നൽകുന്നതിനോടൊപ്പം, ഗ്രാമത്തിന്റെ അടിസ്ഥാ
സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പൊതുപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുക
ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.


പഞ്ചായത്തിലെ വിവിധ വാർഡുകളിലായി നടപ്പാക്കിയ ഗ്രാമീണ റോഡുകള
നിർമ്മാണം, സ്വയം സഹായ സംഘങ്ങൾക്ക് വർക്ക് ഷെഡുകളുടെ നിർമ്മാണം, ഫാം പോ
കളുടെ നിർമ്മാണം, കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോടുകളുടെ പാർശ്വസംരക്ഷണ
പുനരുദ്ധാരണവും, ദുർബല ജനവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനായി ക
തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയുടെ നിർമ്മാണം, കിണറുകളുടെ നിർമ്മാ
കിണർ റീ ചാർജിങ്, അസോള ടാങ്ക് നിർമ്മാണം ഗ്രാമീണ ശുചിത്വത്തിന്റെ ഭാഗമായി വ്യക്തി
സോക്ക്പിറ്റ്, കമ്പോസ്റ്റ് ടാങ്ക് എന്നിവകളുടെ നിർമ്മാണം , പൊതു കമ്പോസ്റ്റ് ടാങ്ക് നിർമ്മാ
തുടങ്ങിയവയെല്ലാം തൊഴിൽ ഉറപ്പ് പദ്ധതിയുടെ ഭാഗമായാണ് നടപ്പിലാക്കപ്പെട്ടത്.

ഈ പദ്ധതികളിലൂടെ ഗ്രാമത്തിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെട്ടതോടെ
കാർഷിക ഉൽപാദന ശേഷിയും വർദ്ധിച്ചു. ജലസുരക്ഷ ഉറപ്പാക്കുന്നതിനും പരിസ്ഥിതി സ
ക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്നതുമായ നിരവധി ഇടപെടലുകൾ നടപ്പിലാക്കിയത് ഗ്രാമത്തി
നിലനില്പ് വികസനത്തിനുള്ള അടിത്തറ ശക്തമാക്കി. സ്ത്രീശാക്തീകരണത്തിനും ചെറു
വ്യവസായങ്ങൾക്കും തൊഴിലുറപ്പ് പദ്ധതികൾ പുതിയ ദിശകളിൽ വളർച്ചയുടെ വാതി ലു
തുറന്നുകൊടുത്തു.

തൊഴിലുറപ്പ് പദ്ധതിയുടെ വിജയകരമായ നടപ്പാക്കലിലൂടെ പഞ്ചായത്ത് ഭ
സമിതി ഗ്രാമത്തിന്റെ സമഗ്രവികസനത്തിലേക്കുള്ള ഉറച്ച ചുവടുവെപ്പാണ് നടത്തിയത്.
ങ്ങളുടെ അധ്വാനവും ഭരണകൂടത്തിന്റെ പ്രതിബദ്ധതയും ദീർഘദർശനവും ചേർന്നാണ്
മുന്നേറ്റങ്ങൾ സാധ്യമായത്. വികസനത്തിന്റെ പാതയിൽ തൊഴിലുറപ്പ് പദ്ധതികൾ എങ്ങണ്ടി
പഞ്ചായത്തിന്റെ ഉജ്ജ്വല മാതൃകയായി മാറിയിരിക്കുന്നു.





# ഒറ്റയ്ക്കല്ല...
# കൂടെയുണ്ട്...

സാധാരണ മക്കളോടൊപ്പം ഭിന്നശേഷികാരായ മക്കളെയും സമൂഹത്തിൽ മുൻനിരയിൽ കൊണ്ട് വരുന്നതായി പല പദ്ധതികളും പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ഭിന്നശേഷി സഹായ ഉപകരണങ്ങൾ എന്നിവ നൽകിട്ടുണ്ട്. അവരെ വീടുകളുടെ അകത്തളങ്ങളിൽ അടക്കപ്പെടാതെ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായി ഭിന്നശേഷി കലോത്സവങ്ങളും, മാനസിക ഉല്ലാസ പരിപാടികളും പഞ്ചായത്ത് തലത്തിൽ നടപ്പാക്കുന്നുണ്ട്.







# വിജ്ഞാന കേരളം

ഗ്രാമപഞ്ചായത്തിൽ വിജ്ഞാനകേരളത്തിന്റെ ഭാഗമായി ഏപ്രിൽ ഒമ്പതിന് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു. ഇതുവരെ 1298 രജിസ്ട്രേഷൻ നടത്തി. തൊഴിൽ മേളയിൽ 56പേർ പങ്കെടുത്തു. അതിൽ 6 പേർ സെലക്ട് ആയി മെഗാ ജോബ് ഫെയ റിൽ 7പേർ പങ്കെടുത്തു 2പേർ സെലക്റ്റായി. തളിക്കുളം ബ്ലോക്കിൽ വച്ച് നടന്ന ജോബ് ഫെയറിൽ 10 പേർ പങ്കെടുക്കുകയും രണ്ടു പേർക്ക് ജോലി കിട്ടുകയും ചെയ്തു. പഞ്ചായത്ത് തലത്തിൽ ജോബ് ഫെയർ വെച്ചതിന്റെ ഭാഗമായി 10 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു ഇതുവരെ പഞ്ചായത്തിന്റെ കീഴിൽ 30 പേർക്ക് ജോലി ലഭിച്ചു.





# ഡിജി കേരളം

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ സാക്ഷരത പഞ്ചായത്തായി മാറ്റിയിരിക്കുകയാണ് നമ്മുടെ ഭരണ സമിതി. ഭരണ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ സർവ്വേ പ്രകാരം 2437 പഠിതാക്കളെ കണ്ടെത്തുകയും അതിൽ 1566 പഠിതാക്കൾ പരിശീലനം പൂർത്തിയാക്കി ഇവാലുവേഷൻ വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തത് അഭിമാന നേട്ടമാണ്



# സമത്വ ഗ്രാമത്തിനായി





ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കായി ഒട്ടനവധി സാമൂഹ്യ ക്ഷേമ വികസന പ്രവർത്തനങ്ങൾ ആണ് ഭരണസമിതി നടത്തിയത്.എല്ലാ പട്ടികജാതി സങ്കേതങ്ങളിലും വെള്ളം,വെളിച്ചം, റോഡ് എന്നിവ എത്തിക്കാൻ കഴിഞ്ഞു.പട്ടികജാതി വിദ്യാർഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് 46 ലാപ്ടോപ് വിതരണവും കുട്ടികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് ഏകദേശം 35ഓളം പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായവും, മേശ, കസേര എന്നിവയും നൽകിയിട്ടുണ്ട്.

കൂടാതെ എസ് സി യുവാക്കൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷയും വനിതകൾക്ക് ഇരുചക്ര വാഹനങ്ങളും നൽകിവരുന്നു.ഇതിനായി ഏകദേശം 1860357 രൂപ ചെലവായിട്ടുണ്ട്. ഈ അഞ്ച് വർഷ കാലയളവിൽ 10150000 രൂപ പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനായി ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന പദ്ധതിയും നടപ്പാക്കുന്നുണ്ട്.












# പുനർഗേഹം പദ്ധതിയുമായ്..



ഫിഷറീസ് വകുപ്പുമായി സഹകരിച്ച് സർക്കാരിൻറെ പുനർഗേഹം പദ്ധതി പ്രകാരം കടലോരത്ത് നിന്ന് 33 പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ വീടും സ്ഥലവും വാങ്ങുന്നതിന് നൽകി പുനരധിവസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ 11, 13 വാർഡുകളിലെ ഗുണഭോക്താക്കളാണ് ഈ 33 പേർ.

# സ്ത്രീ ശാക്തീകരണത്തിന്റെ പുതുവഴികൾ

എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി ഡി എസ് 2022 ഫെബ്രുവരി 1ന് **ശ്രീമതി ഷൈനി കൃഷ്ണൻ** സി ഡി എസ് ചെയർപേഴ്സണായി 16 സി ഡി എസ് അംഗങ്ങളോടുകൂടി ചുമതലയേറ്റു. നാളിതുവരെ സി ഡി എസിൽ 16 വാർഡുകളിലായി 232 അയൽകൂട്ടങ്ങളിലായി 3251 അംഗങ്ങൾ ഉണ്ട്. 71 സംഘകൃഷി യൂണിറ്റുകളും 16 വയോജന അയൽകൂട്ടങ്ങളും 32 ബാലസഭകളും 16 ഓക്സിലറി ഗ്രൂപ്പുകളും 72 സംരംഭകളും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു.

അയൽകൂട്ട അംഗങ്ങൾക്ക് സാമ്പത്തിക സാക്ഷരതയുടെ ഭാഗമായി വാർഡ് തലത്തിൽ ഫിനാൻഷ്യൽ ലിറ്ററസി ക്ലാസുകൾ സംഘടിപ്പിച്ചു. തിരികെ സ്കൂളിലേക്ക് ക്യാമ്പയിന്റെ ഭാഗമായി പഞ്ചായത്തിലെ പല സ്കൂളിലുമായി ക്യാമ്പയിൻ നടന്നു. മാധുര്യം നിറഞ്ഞ കഴിഞ്ഞ കാലത്തേക്കുള്ള ഒരു തിരിച്ചുപോക്കായിട്ടാണ് എല്ലാ അംഗങ്ങളും ഈ ക്യാമ്പയിൻ എടുത്തത്. ഒരിക്കലും തിരിച്ചു കിട്ടില്ല എന്ന് അവർക്ക് ഉറപ്പുണ്ടായിരുന്ന അവരുടെ സ്കൂൾ ജീവിതം വീണ്ടും ഓർത്തെടുക്കാൻ കൂടിയാണ് അവർ തിരികെ സ്കൂളിലേക്ക് എത്തിയത്. കളിച്ചും ചിരിച്ചും മധുരമുള്ള ഓർമകൾ പങ്കിട്ടും അയൽക്കൂട്ട അംഗങ്ങൾ ആ ക്യാമ്പയിൻ കളറാക്കി. 18 വയസ്സിനും 40 വയസ്സിനും ഇടയിലുള്ള യുവതികളടങ്ങുന്ന ഓക്സിലറി ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും വേണ്ടി നാഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് ഓക്സോ മീറ്റ് എന്ന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. എല്ലാ വാർഡുകളിൽ നിന്നും നല്ല രീതിയിലുള്ള പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു അയൽക്കൂട്ട അംഗങ്ങളെ വരുമാനമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ അവർക്കുവേണ്ടി സംരംഭക വികസന പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. അയൽക്കൂട്ട അംഗങ്ങൾ ആ പരിപാടിയിൽ പങ്കെടുക്കുകയും നൂതന സംരംഭ ആശയങ്ങളും സംശയങ്ങളും പങ്കുവെക്കുകയും ചെയ്തു.

ആവശ്യമുള്ള സംരംഭകർക്ക് 4% പലിശനിരക്കിൽ CEF ലോണും നൽകിവരുന്നു. അതുകൊതന്നെ പുതിയ സംരംഭകർക്ക് GOT, EDP ആവശ്യമായ സ്കിൽ ട്രെയിനിങ്ങുകൾ എന്നിവയെല്ലാം യഥാസമയത്ത് നടത്തിവരുന്നു കൂടാതെ വയനാട് ദുരിതാശ്വാസ നിധിയിലേക്ക് 1,05,850 രൂപ സമാഹരിച്ച് നൽകുന്നതിന് സാധിച്ചു. അരങ്ങ് 2025 തളിക്കുളം അന്തിക്കാട് മുല്ലശ്ശേരി ബ്ലോക്ക് ക്ലസ്റ്റർ 3-ാം സ്ഥാനം നേടിയതിൽ വളരെയധികം സന്തോഷം നൽകുന്നതൊന്നായിരുന്നു. അരങ്ങ് 2025 ജില്ലാതലത്തിൽ നാടൻപാട്ട് സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.



